REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 19-02-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- ഇന്ത്യയുമായി പശ്ചിമേഷ്യയുടെ വാണിജ്യ സാംസ്കാരിക ബന്ധത്തിന്റെ അവിഭാജ്യ ഘടകമാണ് ഖത്തറെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- തിരക്കു കുറയ്ക്കുന്നതിന് തിരുവനന്തപുരം സൗത്ത് റെയിൽവെ സ്റ്റേഷൻ പ്രധാന ഹബ്ബായി വികസിപ്പിക്കണമെന്ന് കേന്ദ്ര സഹമന്ത്രി V. സോമണ്ണ.
- ലെവൽക്രോസില്ലാത്ത കേരളം എന്ന ലക്ഷ്യത്തിന് എട്ട് റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം നടപ്പു വർഷം പൂർത്തിയാക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ്.
- എറണാകുളം ജില്ലയിൽ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിന് 30 കിലോമീറ്റർ ഇരട്ട ലൈൻ ഹാംഗിംഗ് മുള്ളുവേലി സ്ഥാപിക്കും.
- മാനന്തവാടി കമ്പമല വനത്തിൽ വീണ്ടും തീ പടർന്നതുമായി ബന്ധപ്പെട്ട് വനംവകുപ്പ് ഒരാളെ കസ്റ്റഡിയിലെടുത്തു.
- ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റ് ഒമ്പതാം പതിപ്പിന് ഇന്ന് തുടക്കം. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിന് ജയം.

## വാർത്തകൾ വിശദമായി

**ഇന്ത്യയുമായി പശ്ചിമേഷ്യയുടെ വാണിജ്യ സാംസ്കാരിക ബന്ധത്തിന്റെ അവിഭാജ്യ ഘടകമാണ് ഖത്തറെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു**

പറഞ്ഞു. ഖത്തറുമായി ഇന്ത്യയുടെ ബന്ധം നൂറ്റാണ്ടുകൾ നീണ്ടുനിൽക്കുന്ന ചരിത്രത്തിൽ ആഴ്ന്നിറങ്ങിയതാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയെ രാഷ്ട്രപതി ഭവനിൽ സ്വാഗതം ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......(വോയ്സ്)......

വ്യാപാരം, നിക്ഷേപം, ഭക്ഷ്യസുരക്ഷ, ആരോഗ്യം, സംസ്കാരം, ഊർജം എന്നിവയിൽ ഇന്ത്യയും ഖത്തറും വിശ്വസനീയമായ പങ്കാളികളാണെന്ന് രാഷ്ട്രപതി പറഞ്ഞു. ഇന്നൊവേഷൻ, ടെക്നോളജി, സ്റ്റാർട്ടപ്പുകൾ എന്നിവയിൽ സഹകരണം വിശാലമാക്കുന്നതിന് ഇന്ത്യയും ഖത്തറും കഴിവുകൾ പ്രയോജനപ്പെടുത്തണമെന്നും രാഷ്ട്രപതി നിർദ്ദേശിച്ചു. ഇന്ത്യയിലെയും ഖത്തറിലെയും ജനങ്ങൾക്ക് മാത്രമല്ല, ലോകത്തിലെ എല്ലാ ജനങ്ങളുടെയും സമാധാനത്തിനും പുരോഗതിക്കും സമൃദ്ധിക്കും വേണ്ടി ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യവും രാഷ്ട്രപതി എടുത്തുപറഞ്ഞു.

ഇന്ത്യ-ഖത്തർ ബന്ധം ഒരു 'തന്ത്രപരമായ പങ്കാളിത്തം' എന്ന തലത്തിലേക്ക് ഉയർത്തുന്നത് കൂടുതൽ അടുത്ത ഇടപഴകലിന് വഴിയൊരുക്കുമെന്ന് ഇരു നേതാക്കളും അറിയിച്ചു. ഖത്തർ അമീറിനോട് ആദരസൂചകമായി രാഷ്ട്രപതി മുർമു വിരുന്നും ഒരുക്കിയിരുന്നു.

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും കേന്ദ്രമന്ത്രി JP നദ്ദയും ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയെ സന്ദർശിച്ചു.

✪✪✪

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ മഹാകുംഭ മേള ഈ മാസം 26-ന് സമാപിക്കും. കുംഭമേള നീട്ടിയെന്ന് കാണിച്ച് സാമൂഹിക മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്ന അഭ്യൂഹങ്ങൾ ഉത്തർപ്രദേശ് ഗവൺമെന്റും മഹാകുംഭമേള അതോറിറ്റിയും തള്ളിക്കളഞ്ഞു. ഇത്തരം വാർത്തകൾ പൂർണ്ണമായും തെറ്റാണെന്ന് പ്രയാഗ്‌രാജ് ജില്ലാ കളക്ടർ രവീന്ദ്ര മന്ദാഡ് വ്യക്തമാക്കി.

✪✪✪

ഹജ്ജ് തീർഥാടകരുടെ ആത്മീയ യാത്രയ്ക്ക് മുന്നോടിയായി അവരുടെ ക്ഷേമവും ശാരീരിക സന്നദ്ധതയും ആവശ്യമാണെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ, പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. ന്യൂഡൽഹിയിലെ ജാമിയ മില്ലിയ ഇസ്ലാമിയ സർവകലാശാലയിൽ ഈ വർഷത്തെ ഹജ്ജ് വാക്കത്തോണിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ഡൽഹിയിൽ നേതാവിനെ തിരഞ്ഞെടുക്കാൻ BJP നിയമസഭാ കക്ഷി യോഗം ഇന്ന് ചേരും.

പുതിയ മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞാ ചടങ്ങ് നാളെ രാംലീല മൈതാനത്ത് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ 70 ൽ 48 സീറ്റുകൾ നേടിയാണ് BJP അധികാരത്തിലെത്തിയത്.

✪✪✪

കേന്ദ്ര റെയിൽവേ, സഹമന്ത്രി V. സോമണ്ണ തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സൗത്ത് റെയിൽവേ സ്റ്റേഷനുകൾ സന്ദർശിച്ചു. സെൻട്രൽ റെയിൽവെ സ്റ്റേഷനിലെ പുനർവികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത അദ്ദേഹം, രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകി.

തിരുവനന്തപുരം സൗത്ത് റെയിൽവേ സ്റ്റേഷനിലെ ടെർമിനൽ സൗകര്യങ്ങളും യാർഡ് വികസന പദ്ധതികളും അദ്ദേഹം അവലോകനം ചെയ്തു. തിരക്ക് കുറയ്ക്കുന്നതിന് സ്റ്റേഷൻ പ്രധാന ഹബ്ബായി വികസിപ്പിക്കണമെന്ന് സോമണ്ണ പറഞ്ഞു.

പേട്ട ഡിവിഷൻ റെയിൽവേ ആശുപത്രിയും കേന്ദ്രസഹമന്ത്രി സന്ദർശിച്ചു.

✪✪✪

ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന 8 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നടപ്പു വർഷം പൂർത്തിയാക്കുകയാണ് ലക്ഷ്യം എന്ന് മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. എറണാകുളം ജില്ലയിൽ

മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് 60 മേൽ പാലങ്ങളുടെ നിർമ്മാണത്തിനായി 2028 കോടി രൂപ വകയിരുത്തിയതിൽ 1800 കോടി രൂപ കിഫ്ബി വഴിയാണ് കണ്ടെത്തിയത് എന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ 200 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. പാലക്കാട്, പുന്നപ്പാടം മമ്പാട് പാലം നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവനകൾ നൽകാൻ കഴിയുന്ന 1300 കിലോമീറ്റർ ദൈർഘ്യം വരുന്ന മലയോര ഹൈവേയും മറുഭാഗത്ത് തീരദേശ ഹൈവേയും പൂർത്തീകരണ ഘട്ടത്തിലാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

200 ടൺ മാലിന്യം സംസ്കരിച്ച് ബയോഗ്യാസാക്കി മാറ്റാൻ കഴിയുന്ന കഞ്ചിക്കോട് വ്യവസായ മേഖലയിലെ കംപ്രസ്സഡ് ബയോഗ്യാസ് പ്ലാന്റ് ഡിസംബർ മുതൽ പ്രവർത്തനക്ഷമമാവുമെന്ന് മന്ത്രി M.B. രാജേഷ് പറഞ്ഞു. പ്ലാന്റ് സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. ബ്രഹ്മപുരത്തിന് ശേഷം സംസ്ഥാനത്ത് പൂർത്തിയാവാൻ പോകുന്ന രണ്ടാമത്തെ CBG പ്ലാന്റാണ് കഞ്ചിക്കോട്ടേത്.

കോഴിക്കോട് , കൊല്ലം, തൃശ്ശൂർ, കണ്ണൂർ നഗരങ്ങളിലും CBG പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഈ വർഷത്തെ പഠനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ തിരുവനന്തപുരം കൊഞ്ചിറവിള UP സ്കൂളിൽ മന്ത്രി V. ശിവൻകുട്ടി നിർവഹിക്കും. ഇതേ തുടർന്ന് ജില്ലാതലത്തിലും പഞ്ചായത്ത്-ബ്ലോക്ക്തലങ്ങളിലും സ്കൂൾതലത്തിലും പഠനോത്സവങ്ങൾ സംഘടിപ്പിക്കും. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ ക്രേന്ദ്രങ്ങളായി വളർന്നതിന്റെ ജനകീയ വിലയിരുത്തലാണ് പഠനോത്സവം. ഈ അധ്യയന വർഷം ക്ലാസ് മുറിയിൽ നിന്നും. സ്കൂൾ അന്തരീക്ഷത്തിൽ നിന്നും നേടിയ

വ്യത്യസ്ത വിഷയങ്ങളിലെ പഠന മികവുകൾ കുട്ടികൾ അവതരിപ്പിക്കും.

✪✪✪

എറണാകുളം ജില്ലയിലെ കോട്ടപ്പടി, പിണ്ടിമന ഗ്രാമ പഞ്ചായത്തുകളിലെ വന്യമൃഗശല്യത്തെ പ്രതിരോധിക്കുന്നതിന് മൂന്ന് കോടി 25 ലക്ഷം രൂപ ചെലവിൽ 30 കിലോമീറ്റർ ദൂരം ഇരട്ട ലൈൻ ഹാങ്ങിങ് മുള്ളുവേലി സ്ഥാപിക്കും.

പിണ്ടിമന പഞ്ചായത്തിലെ വേട്ടാമ്പാറ അയനിച്ചാലിൽ നിന്നും ആരംഭിച്ച് പോരിൽ അവസാനിക്കുന്ന നിലയിലും വേട്ടാമ്പാറ അയനിച്ചാൽ മുതൽ പഴയ ഭൂതത്താൻകെട്ട് വരെ പെരിയാറിന്റെ തീരത്തുകൂടിയുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു.

✪✪✪

മാനന്തവാടി കമ്പമല വനത്തിൽ വീണ്ടും തീ പടർന്നതുമായി ബന്ധപ്പെട്ട് വനംവകുപ്പ് വനത്തിൽ നിന്ന് ഒരാളെ കസ്റ്റഡിയിലെടുത്തു. തൃശ്ശിലേരി തച്ചറക്കൊല്ലി ഉന്നതിയിലെ വെള്ളച്ചാലിൽ സുധീഷിനെയാണ് കസ്റ്റഡിയിലെടുത്തത്. ഇയാളെ ചോദ്യം ചെയ്തുവരുന്നു.

സംശയാസ്പദമായ സാഹചര്യത്തിൽ വനത്തിൽ കണ്ടതിനെ തുടർന്ന് സുധീഷിനെ കഴിഞ്ഞ ദിവസം മുതൽ വനംവകുപ്പ് നിരീക്ഷിച്ചു വരികയായിരുന്നു. കഞ്ചാവ് ചെടികൾ പിടികൂടിയതുൾപ്പെടെ മാനന്തവാടി, തിരുനെല്ലി സ്റ്റേഷനുകളിലായി വിവിധ കേസുകളിൽപ്രതിയാണ് സുധീഷ്.

കേസിൽ ഒളിവിലായിരുന്ന ഇയാളെ പോലീസ് അന്വേഷിച്ച് വരികയായിരുന്നു.

✪✪✪

കഥാകൃത്തും തിരക്കഥാകൃത്തും അധ്യാപകനുമായ ശ്രീവരാഹം ബാലകൃഷ്ണൻ തിരുവനന്തപുരത്ത് അന്തരിച്ചു. അദ്ദേഹത്തിന് 93 വയസായിരുന്നു. ധനുവച്ചപുരം ഗവ: കോളജ്, മട്ടന്നൂർ പഴശ്ശിരാജ കോളജ്, കേരള ഹിന്ദി പ്രചാർ സഭ എന്നിവിടങ്ങളിൽ അധ്യാപകനായിരുന്ന അദ്ദേഹം 12 വർഷത്തോളം രാജ്ഭവനിൽ പബ്ലിക് റിലേഷൻസ് ഓഫിസറായും പ്രവർത്തിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് തൈക്കാട് ശാന്തികവാടത്തിൽ നടക്കും.

ശ്രീവരാഹം ബാലകൃഷ്ണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

✪✪✪

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റ് ഒമ്പതാം പതിപ്പിന് ഇന്ന് കറാച്ചിയിൽ തുടക്കം. നിലവിലെ ചാമ്പ്യന്മാരായ പാകിസ്ഥാൻ ഉദ്ഘാടന മത്സരത്തിൽ ന്യൂസിലൻഡിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30നാണ് മത്സരം ആരംഭിക്കുക.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

രോഹിത് ശർമ്മ നയിക്കുന്ന ഇന്ത്യൻ ടീം ബംഗ്ലാദേശിനെതിരെ നാളെ ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ മത്സരിക്കും. റാങ്കിംഗിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന എട്ട് ഏകദിന ടീമുകൾ പങ്കെടുക്കുന്ന ടൂർണമെന്റ് പാക്കിസ്ഥാനിലും UAE യിലുമായാണ് നടക്കുന്നത്.

ഗ്രൂപ്പ് എയിൽ ന്യൂസിലൻഡ്, ഇന്ത്യ, ബംഗ്ലാദേശ്, ആതിഥേയരായ പാകിസ്ഥാൻ എന്നീ ടീമുകളാണ്.

ഗ്രൂപ്പ് ബിയിൽ അഫ്ഗാനിസ്ഥാൻ, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ദക്ഷിണാഫ്രിക്ക എന്നിവ ഉൾപ്പെടുന്നു.

അടുത്ത മാസം ഒമ്പതിനാണ് ഫൈനൽ.

2017 ൽ ഇന്ത്യയെ പരാജയപ്പെടുത്തിയാണ് പാകിസ്ഥാൻ ICC ചാമ്പ്യൻസ് ട്രോഫി കരസ്ഥമാക്കിയത്.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിന് ജയം. ഗുജറാത്തിലെ വഡോദരയിൽ നടന്ന മത്സരത്തിൽ, ഗുജറാത്ത് ജയന്റ്സിനെ അഞ്ച് വിക്കറ്റിനാണ് അവർ പരാജയപ്പെടുത്തിയത്.

ആദ്യം ബാറ്റ് ചെയ്ത ഗുജറാത്ത് ജയന്റ്സ് നിശ്ചയിച്ച 121 റൺസ് വിജയലക്ഷ്യം മുംബൈ ഇന്ത്യൻസ് 16.1 ഓവറിൽ മറികടന്നു.

ഇന്ന് വൈകീട്ട് 7.30ന് വഡോദരയിൽ UP വാരിയേഴ്സ് ഡൽഹി ക്യാപ്പിറ്റൽസിനെ നേരിടും.

✪✪✪

ഭുവനേശ്വറിൽ പുരുഷ FIH പ്രോ ഹോക്കി ലീഗിൽ നിലവിലെ ലോക ചാമ്പ്യന്മാരായ ജർമ്മനി ഇന്ത്യയെ പരാജയപ്പെടുത്തി. ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് ജർമനിയുടെ വിജയം.

ഇന്ത്യയും ജർമ്മനിയും ഇന്ന് വൈകീട്ട് കലിംഗ ഹോക്കി സ്റ്റേഡിയത്തിൽ വീണ്ടും ഏറ്റുമുട്ടും.

വനിതാ FIH പ്രോ ലീഗിൽ, ഇന്ത്യൻ ടീം സ്പെയിനിനോട് 3-4 ന് പരാജയപ്പെട്ടു.

✪✪✪

മലപ്പുറം അരീക്കോട് തെരട്ടമ്മലിൽ അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ഫൈനൽ മത്സരം ആരംഭിക്കാനിരിക്കെ കരിമരുന്ന് പ്രയോഗത്തിനിടെ പടക്കം കാണികളുടെ ഭാഗത്തേക്ക് വന്നു പൊട്ടി 22 പേർക്ക് പേർക്ക് പരിക്കേറ്റു. ആകാശത്തേക്ക് ഉയരുന്നതിനു പകരം ദിശ മാറി മത്സരം കാണാനെത്തിയവരുടെ അരികിൽ വന്നു പൊട്ടുകയായിരുന്നു.

ആളുകൾ ചിതറിയോടിയപ്പോൾ വീണ് 19 പേർക്കും പരിക്ക് പറ്റി. നാലു പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ബന്ധപ്പെട്ട ഭാഗങ്ങൾ മുൻകൂട്ടി നിർമ്മിച്ച് യോജിപ്പിക്കുന്ന U-Sphere എന്ന ആധുനിക നിർമ്മാണ രീതിയ്ക്ക് കൊച്ചിയിൽ നടന്ന ചടങ്ങിൽ ഊരാളുങ്കൽ തുടക്കം കുറിച്ചു. സൊസൈറ്റിയുടെ നൂറാം വാർഷികം ആഘോഷിക്കുന്ന അവസരത്തിലാണ് പുതിയ തുടക്കം എന്ന് ഊരാളുങ്കൽ ചെയർമാൻ രമേശൻ പാലേരി പറഞ്ഞു. അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ 2,000 കോടി രൂപയാണ് ലക്ഷ്യം ഇടുന്നതെന്നും, അടുത്ത അഞ്ചു വർഷത്തിനുള്ളിൽ തമിഴ്നാട് കർണാടക സംസ്ഥാനങ്ങളിലേക്ക് കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആയിരം ജീവനക്കാരെ നിയമിക്കുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

സംസ്ഥാന ബജറ്റിലെ ജനദ്രോഹ നിർദേശങ്ങൾക്കും ഭൂനികുതി വർധനവിനും എതിരെ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇന്ന് സംസ്ഥാന വ്യാപകമായി വില്ലേജ് ഓഫീസുകളിലേക്ക് ധർണ നടത്തും.

ധർണയുടെ സംസ്ഥാന തല ഉദ്ഘാടനം കോഴിക്കോട് തലക്കുളത്തൂരിൽ KPCC പ്രസിഡന്റ് K സുധാകരൻ M.P നിർവഹിക്കും.

✪✪✪

വിവരാവകാശ നിയമത്തെ ശക്തമാക്കുന്നതിൽ ആക്ടിവിസ്റ്റുകളുടെ പങ്ക് വളരെ വലുതാണെന്ന് സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ.A.A ഹക്കീം പറഞ്ഞു.

എറണാകുളം മഹാരാജാസ് കോളേജിൽ ആരംഭിച്ച RTI ക്ലബ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ഗോത്രവർഗ്ഗ ഉന്നതികളിൽ നിന്നു അങ്കണവാടികളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് പോഷകാഹാരം നേരിട്ട് എത്തിക്കണമെന്ന് ഭക്ഷ്യ സുരക്ഷാ കമ്മീഷൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി കമ്മീഷൻ ഇന്ന് മുതൽ മൂന്നു ദിവസം പാലക്കാട് ജില്ലയിലെ വിവിധ ഗോത്ര വർഗ മേഖലകൾ സന്ദർശിക്കും .

കൊല്ലങ്കോട് റേഞ്ചിലെ ഗോത്ര വർഗ മേഖലയിൽ ഉൾപ്പെട്ട ആലിമൂപ്പൻ, 30 ഏക്കർ, കച്ചിത്തോട്, ഉവമ്പടി ഉന്നതികളിലാണ് ഇന്ന് സന്ദർശനം നടത്തുക.

✪✪✪

---

*News Reader: ഹക്കീം കൂട്ടായി*
*Casual News Readers : സയ്യിദ് അലി ശിഹാബ്, സബിത കെ*
*DEO: ഷീബ*